19
2022
ഫെബ്രുവരി
ശനി
കുംഭം 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 243 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-243 | പേജ് 4, വില 2.00 രൂപ




02 ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിരോധിച്ചു

03 പൂന്തുറയിൽ ജിയോട്യൂബ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കും: മന്ത്രി

04 അയ്യൻകാളി പുരസ്കാരവുമായി കൊല്ലം കോർപ്പറേഷൻ

# നയപ്രഖ്യാപനം : സർക്കാർ പ്രവർത്തനങ്ങൾ പ്രശംസനീയം

തിരുവനന്തപുരം : കോവിഡ് കാലത്തെ സർക്കാർ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും കെ റെയിൽ പരിസ്ഥിതി സൗഹാർദ പദ്ധതിയാണെന്നും ഗവർണർ ആരിഫ് മൊഹമ്മദ്ഖാൻ. പതിനഞ്ചാം കേരള നിയമസഭയുടെ നാലാമത് സമ്മേളനത്തിന് തുടക്കം കുറിച്ച് നയപ്രഖ്യാപനം നടത്തുകയായിരുന്നു ഗവർണർ.



സർക്കാറിന്റെ കഴിഞ്ഞ ഭരണകാലത്ത് ജനങ്ങളുടെ ജീവിതത്തെയും ഉപജീവനത്തെയും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും പ്രതികൂലമായി ബാധിച്ച കോവിഡ് 19 മഹാമാരിയെ നിശ്ചയദാർഢ്യത്തോടെ നാം അതിജീവിച്ചെന്ന് അദ്ദേഹം പറഞ്ഞു. കോവിഡ് 19ന്റെ വ്യാപനത്തിൽ ഉണ്ടായ കുറവ് അല്പം ആശ്വാസം നൽകിയിരുന്നെങ്കിലും അത് ശാശ്വതമായിരുന്നില്ല. സംസ്ഥാനം മഹാമാരിയുടെ മൂന്നാം തരംഗത്തെ അഭിമുഖീകരിക്കുകയാണ്. രോഗികളുടെ എണ്ണം കുറഞ്ഞുവരുന്നതും കഴിഞ്ഞ രണ്ട് സന്ദർഭങ്ങളിലെന്ന പോലെ മരണ നിരക്ക് നിയന്ത്രിക്കാൻ കഴിഞ്ഞു എന്നതും ആശ്വാസം നൽകുന്നു.

സർക്കാർ കോവിഡ് 19 നെതിരെ സാമൂഹിക പ്രതിരോധശേഷി കൈവരിക്കുന്നതിനായി പ്രതിരോധ കുത്തിവയ്പ് യജ്ഞം ഫലപ്രദമായി നടത്തി. ഫെബ്രുവരി 7 ാം തീയതി വരെ ഒന്നാം ഡോസ് പ്രതിരോധ കുത്തിവയ്പിൽ 100 ശതമാനവും രണ്ടാം ഡോസ് പ്രതിരോധ കുത്തിവെയ്പിൽ 85 ശതമാനവും കൈവരിക്കാൻ സാധിച്ചു. പതിനഞ്ചിനും പതിനേഴിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ് 73 ശതമാനമായി.

സാമ്പത്തിക പരിമിതികൾ ഉണ്ടായിരുന്നിട്ടും മഹാമാരിയുടെ കാലത്ത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു. സർക്കാർ വിവിധ പരിപാടികൾ സമയബന്ധിതമായ രീതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും അവയുടെ പുരോഗതി ജനങ്ങളെ അറിയിച്ചു കൊണ്ടിരിക്കുന്നതുമാണ്. 100 ദിന പരിപാടി ഇതിന്റെ ഭാഗമാണ്.

കേരളത്തിലെ ജനങ്ങളുടെ സുരക്ഷയിൽ സർക്കാരിന് അതീവ ജാഗ്രതയുണ്ട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചടത്തോളം അയൽ സംസ്ഥാനമായ തമിഴ്നാടിനാവശ്യമായ ജലം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് എല്ലാ പരിശ്രമവും നടത്തുന്നുണ്ട്.

വെള്ളം, വൈദ്യുതി, വാർത്താവിനിമയം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യം ലഭ്യമാക്കാൻ സംസ്ഥാനത്തെ ജനങ്ങളെ പ്രാപ്തരാക്കുന്നത് സർക്കാർ ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരു മേഖലയായി തുടരുകയും നൂതന പദ്ധതികൾ കണ്ടെത്തുന്നതുമാണ്. പരമ്പരാഗത ഇന്ധനാടിസ്ഥാനത്തിലുള്ള ഗതാഗതത്തെ അപേക്ഷിച്ച് ഒരു പുതിയ പരിസ്ഥിതി സൗഹൃദ ഗതാഗത രീതി പ്രദാനം ചെയ്യുന്ന പദ്ധതിയായ കെ റെയിൽ, സഞ്ചാരത്തിന്റെ വേഗതയും സന്തോഷവും യാത്രാസുഖവും വർദ്ധിപ്പിക്കുന്നതിനൊപ്പം തൊഴിലും വികസനവും ഉത്തേജിപ്പിക്കുന്ന ഒരു ഹരിത സംരംഭമായിരിക്കും. പദ്ധതിക്ക് കേന്ദ്രസർക്കാറിൽ നിന്ന് എത്രയും വേഗത്തിലുള്ള അനുമതി സർക്കാർ പ്രതീക്ഷിക്കുന്നെന്നും ഗവർണർ പറഞ്ഞു.

രാവിലെ 8.50 ഓടെ നിയമസഭാ കവാടത്തിലെത്തിയ ഗവർണറെ മുഖ്യമന്ത്രി പിണറായി വിജയനും സ്പീക്കർ എം ബി രാജേഷും ചേർന്ന് സ്വീകരിച്ചു. നയപ്രഖ്യാപനം പ്രതിപക്ഷം ബഹിഷ്ക്കരിച്ചു. നിയമസഭയിൽ ഗവർണർക്കെതിരെ ഗോബാക്ക് വിളിയുയർന്നപ്പോൾ പ്രതിഷേധിക്കാനുള്ള അവസരം ഇതല്ലെന്ന് ഗവർണർ രൂക്ഷമായി പ്രതികരിച്ചു. തുടർന്ന് പ്രതിപക്ഷം സഭ വിട്ടിറങ്ങി.

നയപ്രഖ്യാപനത്തിനുശേഷം വെള്ളിയാഴ്ച സഭ പിരിയും. രണ്ടാംദിവസമായ തിങ്കൾ പി ടി തോമസിന് ചരമോപചാരം അർപ്പിച്ച് പിരിയും. തുടർന്ന്, മൂന്നുദിവസം നന്ദി പ്രമേയത്തിൽ ചർച്ച. 25 മുതൽ മാർച്ച് 10 വരെ സഭ ചേരില്ല .

14 ദിവസത്തെ സമ്മേളനമാണ് നിശ്ചയിച്ചിട്ടുള്ളത് . രണ്ടു ദിവസം സർക്കാർ കാര്യങ്ങൾക്കാണ്. വോട്ട് ഓൺഅക്കൗണ്ട് മാർച്ച് 22 ന് നടക്കും. 23ന് സഭാ സമ്മേളനം അവസാനിക്കും.ലോകായുക്താ ഓർഡിനൻസ് ഉൾപ്പെടെ 9 ഓർഡിനൻസുകളാണ് നിയമമാക്കാനുള്ളത്.

## ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് ഇന്ന് യാഥാർത്ഥ്യമാവും

### മുഖ്യമന്ത്രി പ്രഖ്യാപനം നടത്തും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനും ജനങ്ങൾക്ക് കൂടുതൽ വേഗത്തിൽ വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കാനും ഉതകുന്ന വിധത്തിലുള്ള ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനം ഇന്ന് (ഫെബ്രുവരി 19) മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കോവളം വെള്ളാറിലെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിൽ വൈകിട്ട് മൂന്നിനു സംഘടിപ്പിക്കുന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അദ്ധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ, ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും.

തദ്ദേശസ്വയംഭരണ ദിനാഘോഷത്തിന്റെ ഭാഗമായി ഇന്ന് രാവിലെ 10ന് നവകേരള കർമ്മ പരിപാടി, സംയോജിത തദ്ദേശ സ്വയംഭരണ സർവ്വീസ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ വിഷയാവതരണം നടത്തും. നവകേരളം കർമ്മപദ്ധതി കോ- ഓർഡിനേറ്റർ ഡോ.ടി.എൻ.സീമ, സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ പ്രൊഫ.ജിജു പി. അലക്സ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.സുരേഷ്, ബ്ലോക്ക്പഞ്ചാത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സി.എം. കൃഷ്ണൻ, അഡ്വ.ഡി. സുരേഷ് കുമാർ, എം.ഒ. ജോൺ, പ്രസന്ന ഏണസ്റ്റ് തുടങ്ങിയവർ സെമിനാറിൽ സംസാരിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ്, തദ്ദേശസ്വയംഭരണ വകുപ്പ്(അർബൻ) സെക്രട്ടറി ബിജു പ്രഭാകർ, തദ്ദേശസ്വയംഭരണ വകുപ്പ്(അർബൻ) ഡയറക്ടർ ഡോ. രേണുരാജ്, എം.പി.അജിത്ത് കുമാർ, ഡോ.ജോയ് ഇളമൺ, പ്രമോദ്കുമാർ സി.പി, ജോൺസൺ കെ തുടങ്ങിയവർ മറുപടി നൽകും.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനവും സെമിനാറും സ്വരാജ് ട്രോഫി വിതരണവും മഹാത്മാ പുരസ്കാര സമർപ്പണവും സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും തത്സമയം പ്രദർശിപ്പിക്കും. www.f-a-c-e-boo-k.com/mv-gov-in-d-an, www.f-a-c-e-boo-k.com/k-i-l-a-tcr, www.you-tu-b-e.com/k-i-l-a-tcr എന്നിവയിലൂടെ പരിപാടികൾ വീക്ഷിക്കുവാൻ സാധിക്കും.




## മൂന്ന് മുനിസിപ്പൽ കൗൺസിലർമാരെയും ഒരു പഞ്ചായത്ത് അംഗത്തെയും അയോഗ്യരാക്കി

തിരുവനന്തപുരം: ചങ്ങനാശേരി മുനിസിപ്പാലിറ്റിയിലെ രണ്ട് കൗൺസിലർമാരെയും കളമശേരി മുനിസിപ്പാലിറ്റിയിലെ ഒരു കൗൺസിലറെയും വെങ്ങോല ഗ്രാമപഞ്ചായത്തിലെ ഒരു അംഗത്തെയും അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമപ്രകാരം ആറു വർഷത്തേക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനാണ് വിലക്ക്.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻറേതാണ് ഉത്തരവ്. ആതിര പ്രസാദ്, അനില രാജേഷ് കുമാർ, (ചങ്ങനാശേരി മുനിസിപ്പാലിറ്റി) ഷൈനി ആൻറണി, (കളമശേരി മുനിസിപ്പാലിറ്റി) സ്വാതി റെജികുമാർ (വെങ്ങോല ഗ്രാമപഞ്ചായത്ത്) എന്നിവരെയാണ് അയോഗ്യരാക്കിയത്.

## മത്സ്യബന്ധന യാനങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റ്; സംയുക്ത പരിശോധന ഫെബ്രുവരി 27 ന് : മന്ത്രി സജി ചെറിയാൻ

മണ്ണെണ്ണ ഇന്ധനമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന യാനങ്ങളുടെയും എഞ്ചിനുകളുടെയും ഏകദിന സംയുക്ത പരിശോധന ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫെബ്രുവരി 27ന് രാവിലെ എട്ട് മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെ സംസ്ഥാനത്തൊട്ടാകെ നിശ്ചിത കേന്ദ്രങ്ങളിൽ നടത്തുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ അറിയിച്ചു. കോവിഡ് മൂന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവെച്ച പരിശോധനയാണ് പുതുക്കിയ തീയതിയിൽ നടത്തുക.

യോഗ്യമായ എല്ലാ വള്ളങ്ങളും ഒമ്പത് തീരദേശ ജില്ലകളിലെയും നിശ്ചിത പരിശോധന കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കി സംയുക്ത പരിശോധനക്ക് വിധേയാമാക്കാം. സംയുക്ത പരിശോധനക്ക് ഹാജരാകാത്ത എഞ്ചിനുകൾക്കു മത്സ്യബന്ധനത്തിനായുള്ള മണ്ണെണ്ണ പെർമിറ്റ് അനുവദിക്കാനാകില്ല.

കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു യാനത്തോടൊപ്പം ഒരാൾക്ക് മാത്രമേ പരിശോധന കേന്ദ്രത്തിൽ പ്രവേശനമുണ്ടാകൂ. 10 വർഷം വരെ കാലപ്പഴക്കമുള്ള എഞ്ചിനുകൾ പരിശോധനക്ക് ഹാജരാക്കാം. അവയ്ക്ക് രജിസ്ട്രേഷൻ, മത്സ്യബന്ധന ലൈസൻസ്, എകണ്ടട (ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) രജിസ്ട്രേഷൻ എന്നിവ നിർബന്ധമാണ്. ഒരു വ്യക്തിക്ക് പരമാവധി രണ്ടു എഞ്ചിനുകൾക്കു മാത്രമേ പെർമിറ്റ് അനുവദിക്കുകയുള്ളൂ എന്നും മന്ത്രി വ്യക്തമാക്കി.

## പ്രേംകുമാർ ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ

തിരുവനന്തപുരം: നടൻ പ്രേംകുമാർ ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ. മൂന്നു വർഷത്തേക്കാണ് നിയമനം. ബീനാപോളിൻറെ ഒഴിവിലേക്കാണ് പ്രേംകുമാറിനെ നിയമിച്ചത്.

നടനും സംവിധായകനുമായ രഞ്ജിത്തിനെ ചലച്ചിത്ര അക്കാദമി ചെയർമാനായി നിയമിച്ച് നേരത്തേ ഉത്തരവിറക്കിയിരുന്നു



## മലയാളി പൈലറ്റ് അസമിൽ വാഹനാപകടത്തിൽ മരിച്ചു

കിഴക്കന്പലം: വ്യോമസേനയിലെ മലയാളി പൈലറ്റ് അസമിൽ വാഹനാപകടത്തിൽ മരിച്ചു. കിഴക്കന്പലം സ്വദേശി ഫ്ളൈറ്റ് ലഫ്റ്റനൻറ് ജോർജ് കുര്യാക്കോസ് (25) ആണ് മരിച്ചത്.

ഗോലഗാട്ട് ജില്ലയിൽ ദേശീയപാതയിൽ ഇദ്ദേഹം സഞ്ചരിച്ചിരുന്ന കാർ ട്രെയിലറുമായി കൂട്ടിയിടിച്ചായിരുന്നു അപകടം. ടെസ്പുരിൽനിന്നു ജോർഹട്ടിലേക്ക് പോകുകയായിരുന്നു. ഒറ്റയ്ക്കായിരുന്നു ജോർജിൻറെ യാത്ര.

സംഭവസ്ഥലത്തുതന്നെ മരണം സംഭവിച്ചു. ട്രെയിലറിൻറെ സഹഡ്രൈവർ ഗുരുതര പരിക്കുകളോടെ ആശുപത്രിയിലാണ്. യുദ്ധവിമാനമായ സുഖോയ്യുടെ പൈലറ്റാണ് ജോർജ്.

# സംരംഭകത്വ വികസനത്തിന് കൈത്താങ്ങായി കെ.എഫ്.സി; ഇതുവരെ 112 കോടി രൂപ വായ്പ നൽകി

കേരളത്തിലെ സംരംഭകർക്കും നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്നവർക്കും മികച്ച വായ്പ നൽകുന്ന സർക്കാരിന്റെ അഭിമാനസ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപറേഷൻ (കെ.എഫ്.സി) ആവിഷ്കരിച്ച സംരംഭകത്വ വായ്പാ പദ്ധതി കേരളത്തിലെ സംരംഭകർക്ക് മികച്ച കൈത്താങ്ങായി മാറിയിരിക്കുകയാണ്. ഇതുവരെ 112 കോടി രൂപയുടെ വായ്പ നൽകി. 1954 സംരംഭങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. അടുത്ത അഞ്ചു സാമ്പത്തിക വർഷക്കാലം ഓരോ വർഷവും 500 സംരംഭങ്ങൾക്ക് വായ്പ നൽകി അഞ്ചു വർഷം കൊണ്ട് 2500 സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുകയാണ് ലക്ഷ്യം. കെ.എഫ്.സിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2020 ജൂലൈയിലാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയെന്ന വായ്പാ പദ്ധതി കെ.എഫ്.സി ആവിഷ്കരിച്ചത്. ഏഴു ശതമാനം പലിശ നിരക്കിൽ 50 ലക്ഷം രൂപ വരെ സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്ന വിധത്തിൽ ആവിഷ്ക്കരിച്ച പദ്ധതി പിന്നീട് ഒരു കോടി രൂപ വരെ വായ്പ അഞ്ചു ശതമാനം പലിശയ്ക്ക് നൽകുന്ന തരത്തിലേക്ക് പരിഷ്ക്കരിക്കുകയായിരുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ, കേരള സ്റ്റാർട്ട് അപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത 10 വർഷത്തിൽ കുറയാത്ത സ്റ്റാർട്ട് അപ്പുകൾ, പ്രവാസികളുടെ സംരംഭങ്ങൾ, കൃഷി, കോഴി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയ മേഖലകളിലുള്ള സംരംഭകർക്ക് പദ്ധതി പ്രകാരം വായ്പ ലഭിക്കും. ആവശ്യമായ രേഖകൾ സഹിതം ഠഠഠ.സ ള.ീൃഴ യിൽ ഓൺലൈനായി അപേക്ഷിക്കാം. വിശദാംശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. കെ.എഫ്.സിയുടെ ബ്രാഞ്ച് ഹെഡ് ചെയർപേഴ്സണും വ്യവസായ ബാങ്കിങ് വിദഗ്ധരും കെ.എഫ്.സിയുടെ നോഡൽ ഓഫിസറും അടങ്ങുന്ന കമ്മിറ്റിയാണ് തെരഞ്ഞെടുപ്പ് നടത്തുക.

50 വയസിൽ താഴെയായിരിക്കണം മുഖ്യ സംരംഭകന്റെ പ്രായം. പട്ടികജാതി പട്ടികവർഗ്ഗ സംരംഭകർക്കും വനിതാ സംരംഭകർക്കും പ്രവാസി സംരംഭകർക്കും പ്രായപരിധി 55 വയസാണ്. പുതിയ സംരംഭങ്ങൾക്ക് പുറമെ നിലവിലുള്ള സംരംഭങ്ങൾ ആധുനികവൽക്കരിക്കാനും വായ്പ അനുവദിക്കും. പദ്ധതി ചെലവിന്റെ 90 ശതമാനം വരെ വായ്പ ലഭിക്കും. അതേസമയം, പുതിയ പദ്ധതികൾക്ക് ഒരു കോടിക്ക് മുകളിലും വായ്പാ തുക അനുവദിക്കും. ഒരു കോടി രൂപ വരെ പ്രത്യേക പലിശ നിരക്കും അതിനു മുകളിലുള്ള തുകയ്ക്ക് കെ.എഫ്.സിയുടെ സാധാരണ പലിശ നിരക്കും ഈടാക്കും. 10 വർഷത്തിനുള്ളിൽ വായ്പ തിരിച്ചടച്ചാൽ മതി. ഇതിൽ അഞ്ചു വർഷം പലിശ സബ്സിഡിയുണ്ട്. സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾക്കും സഹായങ്ങൾക്കും 1800 890 1030 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാം.

# ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിരോധിച്ചു

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മരുന്ന് പരിശോധനാ ലബോറട്ടറികളിൽ നടത്തിയ ഗുണനിലവാര പരിശോധനയിൽ ഫെബ്രുവരി ആദ്യ പാദത്തിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ താഴെ പറയുന്ന മരുന്നു ബാച്ചുകളുടെ വിതരണവും വിൽപ്പനയും സംസ്ഥാനത്ത് നിരോധിച്ചു. ഈ മരുന്നുകളുടെ സ്റ്റോക്ക് കൈവശമുള്ള വ്യാപാരികളും ആശുപത്രികളും അവ തിരികെ വിതരണക്കാരന് നൽകി വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു. മരുന്നിന്റെ പേര്, ഉല്പാദകർ, ബാച്ച് നമ്പർ, കാലാവധി എന്ന ക്രമത്തിൽ.

Ciprofloxacin Hydrochloride Tablets IP 500mg, M/s Karnata Antibiotics and Pharmaceuticals Ltd, Plot No. 14, II Phase, Peenya, Bangalore- 560058, 782620, 05/2023.

Dr. Lipid AS10/150 (Atorvastatin and Aspirin Tablets), M/s Staywell Formulations Pvt Ltd, 162/1, Nalhera, Anantpur, Roorkee, Uttarakhand, SWT20708, 06/2022.

Aspirin Gastro-Resistant Tablets IP 75mg, M/s Kerala State Drugs & Pharmaceuticals Ltd, Alappuzha, ET1014, 02/2023.

Amoxycillin Oral Suspension IP, M/s Kerala State Drugs & Pharmaceuticals Ltd, Alappuzha, X71102, 07/2022.

Para-500(Paracetamol Tablets IP), M/s Kanha Biogenetics Plot No. 1C, EPIP, Phase-I Jharmajri, Baddi, Dist. Solan, Himachal Pradesh, 2110059, 09/2023.

Carvedilol Tablets IP 25mg, M/s. Intas Pharmceuticals Ltd, Samardung Road, Kabrey Block, Namthang, Elaka, South Sikkim, N2101070, 03/2024.

Clopidogrel & Aspirin Tablets IP, M/s. Akums Drugs & Pharmaceuticals Ltd, 19,20,21, Sector 6A, IIE, Sidcul, Ranipur, Haridwar, OBNZ29, 12/2022.

Amoxycillian Oral Suspension IP, M/s Kerala State Drugs & Pharmaceuticals Ltd, Alappuzha, X70037, 03/2022.

Amoxycillian Oral Suspension IP, M/s Kerala State Drugs & Pharmaceuticals Ltd, Alappuzha, X71124, 08/2022.

Amoxycillin Oral Suspension IP, M/s Kerala State Drugs & Pharmaceuticals Ltd, Alappuzha, X71097, 07/2022.

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽദാതാക്കളായി മാറണം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

സേവനമേഖലയ്ക്കപ്പുറം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽദാതാവ് എന്ന രൂപത്തിലേക്ക് പരിവർത്തനപ്പെടണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ. തദ്ദേശസ്വയംഭരണ ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാർ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആയിരത്തിൽ അഞ്ച് പേർക്ക് ജോലി എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇടപെടണമെന്നു മന്ത്രി പറഞ്ഞു. കുടുംബശ്രീയെയും വിവിധ ഗവൺമെന്റ് ഏജൻസികളെയും ഇതിന് ഫലപ്രദമായി ഉപയോഗിക്കാൻ തയ്യാറാകണം. അതി ദരിദ്രരുടെ ജീവിതം പൊതുസമൂഹത്തിന്റെ ഭാഗമാക്കുന്നതിനുള്ള സൂക്ഷ്മ പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ ആസൂത്രണം ചെയ്യണം. രണ്ടര ലക്ഷത്തോളം വരുന്ന ഭൂരഹിതരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ പിന്തുണ നൽകണമെന്നും മന്ത്രി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആഹ്വാനം ചെയ്തു.

വാതിൽപടി സേവനം പരാശ്രയമില്ലാതെ ജീവിക്കുന്ന കുടുംബാംഗങ്ങൾക്ക് സഹായകമാണെന്നും ഇന്ത്യയിൽതന്നെ നൂതനമായ ഈ പദ്ധതി ആരും ഒറ്റപ്പെട്ടു പോകാതെ ഏവർക്കും ആശ്രയം ഉണ്ടെന്ന പ്രഖ്യാപനം കൂടിയാണെന്നും മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ കൂട്ടിച്ചേർത്തു. സെമിനാറിൽ, ജനകീയാസൂത്രണത്തിന്റെ 25 വർഷം പുതുതലമുറ വെല്ലുവിളികളും സാധ്യതകളും എന്ന വിഷയം മുൻ ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി എം തോമസ് ഐസക് അവതരണം നടത്തി. അതിദാരിദ്ര്യ നിർണ്ണയപ്രക്രിയയിൽ നിന്നും സമാനതകളില്ലാത്ത ദാരിദ്ര്യ ലഘൂകരണ പ്രക്രിയയിലേക്ക് എന്ന വിഷയത്തിൽ സ്റ്റേറ്റ് സെൽ നോഡൽ ഓഫീസർ വി എസ് സന്തോഷ് കുമാർ, കില സീനിയർ അർബൻ ഫെലോ ഡോ.രാജേഷ് കെ, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി. ലൈജു എന്നിവർ അവതരണം നടത്തി. വാതിൽപ്പടി സേവനം സാധ്യതകൾ എന്ന വിഷയത്തിൽ മിർ മൊഹമ്മദ് അലി, കരുവാറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് സുരേഷ് എന്നിവർ അവതരണം നടത്തി. തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി കെ കെ രാജീവൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് വി. അമ്പിളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ വൈസ് പ്രസിഡന്റ് അഡ്വ. സാം. കെ ഡാനിയൽ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമെൻ എക്സിക്യൂട്ടീവ് മെമ്പർ അഡ്വ. സക്കീർ ഹുസൈൻ എന്നിവർ സെമിനാർ വിഷയങ്ങളിൽ പ്രതികരിച്ച് സംസാരിച്ചു. തദ്ദേശ സ്വയംഭരണവകുപ്പ് (അർബൻ) ഡയറക്ടർ ഡോ. രേണുരാജ് നന്ദി രേഖപ്പെടുത്തി.

# ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടർച്ചയുണ്ടാകണം: ഡോ. തോമസ് ഐസക്

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 25 വർഷങ്ങൾ അഭിമാനിക്കാൻ ഏറെ ഉണ്ടെങ്കിലും കഴിഞ്ഞകാലങ്ങളിൽ നിൽക്കാതെ കൂടുതൽ മുന്നോട്ടു കുതിക്കണമെന്ന് മുൻ ധനകാര്യ മന്ത്രി ടി എം തോമസ് ഐസക് പറഞ്ഞു. തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാറിൽ ജനകീയാസൂത്രണത്തിന്റെ 25 വർഷം പുതുതലമുറ വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തിൽ അവതരണം നടത്തുകയായിരുന്നു അദ്ദേഹം.

ഗ്രാമീണ മേഖലയിലെ വികസന കുതിപ്പ് ഉത്പാദന മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞില്ല. ആസൂത്രണ -നിർവ്വഹണത്തിൽ കൂടുതൽ ജനപങ്കാളിത്തത്തോടെ ഈ പോരായ്മ മറികടക്കാൻ സാധിക്കണമെന്ന് ഐസക് പറഞ്ഞു. ഗ്രാമസഭകൾ സജീവമാക്കുന്നതോടൊപ്പം കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ തുടങ്ങിയ മൈക്രോ സംഘങ്ങളെ ഉപഗ്രാമസഭകളായി അംഗീകരിക്കണമെന്നും സന്നദ്ധ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പഴയ നിലവാരത്തിൽ സന്നദ്ധ പ്രവർത്തനങ്ങൾ നടത്താൻ പുതിയ തലമുറയെ കൂടി ഇതിന്റെ ഭാഗമാകണമെന്നും അവർക്ക് വിദഗ്ധ പരിശീലനം നൽകണമെന്നും ഐസക് കൂട്ടിച്ചേർത്തു.

കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ ക്യാമ്പയിനുകൾ ഏറ്റെടുക്കാൻ തദ്ദേശ സ്ഥാപനങ്ങൾ മുന്നോട്ടുവരണം. കേരളത്തിലെ വയോജനങ്ങൾക്ക് പ്രയോജനകരമാകും വിധം പദ്ധതികൾ കൊണ്ടുവന്നാൽ അവർക്കിടയിലുള്ള ഒറ്റപ്പെടലിന് പരിഹാരം കാണാൻ സാധിക്കും ഐസക് പറഞ്ഞു. ജില്ലാ അടിസ്ഥാനത്തിൽ വികസന പരിപ്രേക്ഷ്യങ്ങൾ ക്രോഡികരിക്കണമെന്നും ഇത്തരം രേഖകൾ ഭാവിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ആണെന്നും അദ്ദേഹം സൂചിപ്പിച്ചു. അധികാര വികേന്ദ്രീകരണം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കുട്ടിപ്പതിപ്പ് നിർമ്മാണം അല്ലെന്നും പ്രാതിനിധ്യ ജനാധിപത്യത്തിന് അപ്പുറത്ത് ജനങ്ങൾ നേരിട്ട് പങ്കെടുക്കുന്ന ജനാധിപത്യപ്രക്രിയായി ജനകീയാസൂത്രണ പരിപാടികൾ മാറണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നേരത്തെ, തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ സെമിനാർ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സെമിനാറിൽ ഓൺലൈൻ വഴി പങ്കാളികളായി.

# ജി.എൻ.എം സ്പോട്ട് അഡ്മിഷൻ ഫെബ്രുവരി 21ന്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായി 2021– 22 ൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിലേക്കുള്ള പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് ഒഴിവ് ഉള്ള എസ്.ടി ആൺകുട്ടികളുടെ ഒരു സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഫെബ്രുവരി 21ന് രാവിലെ 11ന് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ (മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം) നടക്കും.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പ്രവേശനം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താൽപര്യമുള്ള പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. വിദ്യാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി, പ്ലസ് ടു, കമ്മ്യൂണിറ്റി, നേറ്റിവിറ്റി, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് മുതലായവ), ടി.സി എന്നിവ സഹിതം നേരിട്ട് സ്പോട്ട് അഡ്മിഷന് ഹാജരാക്കണം.

പ്രവേശനം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികളുടെ റാങ്ക് അടിസ്ഥാനത്തിൽ മാത്രമായിരിക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ കൃത്യം 11 മണിക്കു തന്നെ ഹാജരാകണം. വിശദവിവരങ്ങൾക്ക്: ഠഠഠ.റാല.സലൃമഹമ.ഴീ്.ശി.

# റെക്കോഡുകളുടെ തോഴിമാരെ മന്ത്രി ജി.ആർ. അനിൽ ആദരിച്ചു

ഇന്ത്യൻ ബുക്ക് ഓഫ് റെക്കോഡ്, ഇന്റർനാഷണൽ ബുക്ക് ഓഫ് റെക്കോഡ്, കലാം വേൾഡ് റെക്കോഡ് എന്നിവയിൽ ഇടം പിടിച്ച തിരുവനന്തപുരം സ്വദേശികളായ ശിഖ. എസ്.എസ്, ശ്രേഷ്ഠ. എസ്.എസ് എന്നിവരെ ഭക്ഷ്യ വകുപ്പ് മന്ത്രി ജി.ആർ. അനിൽ അനുമോദിച്ചു. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ കടൽചിപ്പികളെ തിരിച്ചറിയുകയും അവയുടെ ശാസ്ത്രീയ നാമം പറയുകയും ചെയ്തതിലൂടെയാണ് ശ്രേഷ്ഠ എന്ന എൽ.കെ.ജി. ക്കാരിയും കേരളത്തിലെ 44 നദികളുടെയും പേര് 19 സെക്കന്റിനുള്ളിൽ പറഞ്ഞതിലൂടെയാണ് ഒന്നാം ക്ലാസുകാരിയായ ശിഖയും റെക്കോഡ് ബുക്കിൽ ഇടം നേടിയത്. രണ്ടു മിടുക്കികളേയും മന്ത്രി ആദരിക്കുകയും ട്രോഫിയും മധുര പരഹാരങ്ങളും നൽകുകയും ചെയ്തു. ഇത്തരം പ്രതിഭകളായ കുട്ടികളെ ആദരിക്കുകയും അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടത് നാടിന്റെ കടമയാണെന്ന് മന്ത്രി പറഞ്ഞു.

# ദിവസവേതനാടിസ്ഥാനത്തിൽ നിയമനം

മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മെക്കാനിക്കൽ വിഭാഗത്തിലേക്ക് ഒഴിവുള്ള ട്രേഡ്സ്മാൻ (ഓട്ടോമൊബൈൽ, ഹൈഡ്രോലിക്സ്) തസ്തികയിൽ ദിവസവേതന നിയമനത്തിനായി ഓട്ടോമൊബൈൽ/ ഡീസൽ മെക്കാനിക്ക്, മെക്കാനിക്കൽ, സിവിൽ തുടങ്ങിയ ട്രേഡിൽ ഐ.ടി.ഐ/ വി.എച്ച്.എസ്.ഇ/ ടി.എച്ച്.എസ്.എൽ.സി/ കെ.ജി.സി.ഇ യോഗ്യതയും ഉള്ള ഉദ്യോഗാർഥികൾക്കും ഇലക്ട്രിക്കൽ ഡെമോൺസ്ട്രേറ്റർ തസ്തികയിലേക്ക് ദിവസവേതന നിയമനത്തിനായി ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡിപ്ലോമ ഉള്ള ഉദ്യോഗാർഥികൾക്കും ആയി ഫെബ്രുവരി 21ന് രാവിലെ 11ന് എഴുത്തു പരീക്ഷയും കൂടിക്കാഴ്ചയും നടത്തും. യോഗ്യരായവരുടെ അഭാവത്തിൽ അനുബന്ധ വിഷയത്തിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കും. കൂടിക്കാഴ്ച സമയത്ത് യോഗ്യത സർട്ടിഫിക്കറ്റ്, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് എന്നിവയുടെ അസലും പകർപ്പും കൊണ്ടു വരണം. കൂടുതൽ വിവരങ്ങൾക്ക്: 0487-2333290.

# മന്ത്രി വീണാ ജോർജ് തിരുവനന്തപുരം മെഡിക്കൽ കോളേജ് സന്ദർശിച്ചു

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി. കോവിഡ് വാർഡ്, കോവിഡ് ഐസിയു എന്നിവ നേരിട്ട് സന്ദർശിച്ചു.

കേസ് ഷീറ്റുകൾ പരിശോധിക്കുകയും സീനിയർ ഡോക്ടർമാരുടെ സന്ദർശന സമയം ഉൾപ്പെടെയുള്ളവ വിലയിരുത്തുകയും ചെയ്തു. ജീവനക്കാരുമായും രോഗികളുമായും അവരുടെ ബന്ധുക്കളുമായും മന്ത്രി സംസാരിച്ചു.

അത്യാഹിത വിഭാഗം, മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവിടങ്ങളിലെ വിവിധ വിഭാഗങ്ങൾ സന്ദർശിക്കുകയും പ്രവർത്തനം നേരിൽ കാണുകയും ചെയ്തു. അത്യാഹിത വിഭാഗത്തിലെ റെഡ് സോൺ, എമർജൻസി മെഡിസിൻ വിഭാഗം എന്നിവയും മന്ത്രി സന്ദർശിച്ചു.

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സജ്ജമാക്കുന്ന ലിവർ ട്രാൻസ്പ്ലാന്റ് ഐസിയു, ഓപ്പറേഷൻ തീയറ്റർ എന്നിവ മന്ത്രി പരിശോധിച്ചു. എത്രയും വേഗം കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങളൊരുക്കാൻ മന്ത്രി നിർദേശം നൽകി.

ലിഫ്റ്റിൽ രോഗികളെ കയറ്റുന്നില്ലെന്ന പരാതിക്ക് മന്ത്രി ഉടൻ നടപടി സ്വീകരിച്ചു. അത്യാഹിത വിഭാഗം സന്ദർശിക്കുന്ന സമയത്താണ് ചില രോഗികളുടെ ബന്ധുക്കൾ വന്ന് തങ്ങളെ ലിഫ്റ്റിൽ കയറ്റുന്നില്ലെന്ന് മന്ത്രിയോട് പരാതി പറഞ്ഞത്. ഉടൻ തന്നെ മേലാൽ ഇത്തരം സംഭവമുണ്ടായാൽ കർശന നടപടി സ്വീകരിക്കുമെന്ന് ലിഫ്റ്റ് ഓപ്പറേറ്ററോട് മന്ത്രി പറഞ്ഞു. ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ആശുപത്രി അധികൃതർക്ക് മന്ത്രി നിർദേശവും നൽകി.

മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനും അക്കാഡമിക് നിലവാരം ഉയർത്തുന്നതിനും വേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കൂടിയാണ് സന്ദർശനം നടത്തിയതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ജോ. ഡയറക്ടർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട്, കോട്ടയം മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാർ, തൃശൂർ മെഡിക്കൽ കോളേജിലെ ഡോ. രവീന്ദ്രൻ എന്നിവർ ഈ കമ്മിറ്റിയിലുണ്ട്.

മെഡിക്കൽ കോളേജിലെ കാര്യങ്ങളാണ് ഈ കമ്മിറ്റി പരിശോധിക്കുന്നത്. ഒരു രോഗി അത്യാഹിത വിഭാഗത്തിലെത്തിയാൽ സമയം വൈകാതെ വിദഗ്ധ ചികിത്സ ഉറപ്പാക്കണം. കാർഡിയോളജിയ്ക്ക് ശക്തമായ ഒരു ടീമിനെ അത്യാഹിത വിഭാഗത്തിൽ സജ്ജമാക്കണം. സ്ട്രോക്ക് ചികിത്സ ഉറപ്പാക്കണം. സ്ട്രോക്ക് കാത്ത്ലാബ് ഏപ്രിൽ മാസത്തോടെ പ്രവർത്തന സജ്ജമാക്കും. അത്യാഹിത വിഭാഗത്തിലും കോവിഡ് വാർഡുകളിലും സീനിയർ ഡോക്ടർമാരുടെ സേവനം ഉണ്ടാകണം.

മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തുടർച്ചയായ ഇടപെടലുകളാണ് നടത്തി വരുന്നത്. പലതവണ മെഡിക്കൽ കോളേജ് സന്ദർശിക്കുകയും മീറ്റിംഗ് വിളിച്ച് കൂട്ടുകയും ചെയ്തിട്ടുണ്ട്.

എത്രയും വേഗം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാൻ കഴിഞ്ഞ ദിവസം തീരുമാനിച്ചിരുന്നു. അതിന്റെ കൂടി പ്രവർത്തനം വിലയിരുത്താനാണ് മെഡിക്കൽ കോളേജിലെത്തിയതെന്നും മന്ത്രി പറഞ്ഞു.

മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സാറ വർഗീസ്, ആശുപത്രി സൂപ്രണ്ട് ഡോ. നിസാറുദ്ദീൻ, ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ഡോ. ജോബി ജോൺ, ഡോ. അനിൽ സുന്ദരം വിവിധ വകുപ്പ് മേധാവികൾ എന്നിവർ മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

# പഞ്ചകർമ വകുപ്പിൽ അധ്യാപക ഒഴിവ്

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലെ പഞ്ചകർമ വകുപ്പിൽ ഒഴിവുള്ള അധ്യാപക തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനം നടത്തുന്നതിന് 23ന് രാവിലെ 11ന് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും.

ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന.

ഉദ്യോഗാർഥികൾ ജനനതീയതി, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ ശരിപ്പകർപ്പുകളും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പുകളും ബയോഡാറ്റയും സഹിതം ഹാജരാകണം. പ്രതിമാസം 57,525 രൂപ സമാഹൃത വേതനം ലഭിക്കും.

നിയമനം ഒരു വർഷത്തേക്കോ സ്ഥിര നിയമനം നടക്കുന്നത് വരെയോ എതാണോ ആദ്യം അത് വരെയായിരിക്കും.

കൂടുതൽ വിവരങ്ങൾ കോളേജ് ഓഫീസിൽ നിന്ന് പ്രവൃത്തി ദിവസങ്ങളിൽ അറിയാം.

# ഓഫീസ് മാറ്റി

തിരുവനന്തപുരം ശാന്തിനഗറിലെ ഹൗസിങ് ബോർഡിന്റെ നാലാം നിലയിൽ പ്രവർത്തിച്ചിരുന്ന തിരുവനന്തപുരം പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസ് തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി കോംപ്ലക്സിന്റെ പത്താം നിലയിലേക്ക് മാറ്റിയതായി ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു.

# പരീക്ഷ മാർച്ച് ഒമ്പതിന്

മലബാർ ദേവസ്വം ബോർഡിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് കക തസ്തികയിലേക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർഥികൾക്കുള്ള ഒ.എം.ആർ പരീക്ഷ മാർച്ച് 9ന് ഉച്ചയ്ക്ക് 2.30 മുതൽ 4.15 വരെ തൃശൂർ ഗവ. മോഡൽ എച്ച്.എസ്.എസ് ഫോർ ബോയ്സിൽ (പാലസ് റോഡ്, തൃശൂർ) നടത്തും. ഉദ്യോഗാർഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് അവരുടെ പ്രൊഫൈലിൽ നിന്ന് ഫെബ്രുവരി 21 മുതൽ ഡൗൺലോഡ് ചെയ്യാം. പരീക്ഷയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർഥികൾ സംസ്ഥാനത്ത് നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ പൂർണമായും പാലിക്കണം.

# വാക്ക് ഇൻ ഇന്റർവ്യൂ

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിലേക്ക് ഫുൾ ടൈം റസിഡൻഷ്യൽ ടീച്ചർ തസ്തികയിലേയ്ക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർത്ഥികൾക്കായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ഒരു ഒഴിവാണുള്ളത്.

വിദ്യാഭ്യാസ യോഗ്യത ബിരുദം, ബി.എഡ്. പ്രായം 23 വയസ് പൂർത്തിയാകണം. ഹോണറേറിയം പ്രതിമാസം 11,000 രൂപ.

അപേക്ഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ഫെബ്രുവരി 28ന് രാവിലെ 11ന് കണ്ണൂർ, ഉരുവച്ചാൽ പ്രവർത്തിക്കുന്ന കേരള മഹിള സമഖ്യ സൊസൈറ്റിയുടെ ജില്ലാ ആഫീസിൽ വച്ച് വാക്ക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0490-2478022.

# നെഫ്രോളജിസ്റ്റ്, റേഡിയോളജിസ്റ്റ്, ഫിസിയാട്രിസ്റ്റ് എന്നിവരെ കരാറടിസ്ഥാനത്തിൽ

പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിൽ കാർഡിയോളജിസ്റ്റ്, നെഫ്രോളജിസ്റ്റ്, റേഡിയോളജിസ്റ്റ്, ഫിസിയാട്രിസ്റ്റ് എന്നിവരെ കരാറടിസ്ഥാനത്തിൽ കൺസൾട്ടന്റായും (ആഴ്ചയിൽ രണ്ട് ദിവസം) ഫിസിഷ്യൻ (ജനറൽ മെഡിസിൻ), ഒഫ്താൽമോളജിസ്റ്റ്, എൻഡോക്രൈനോളജിസ്റ്റ്, ജനറൽ സർജൻ എന്നിവരെ കരാറടിസ്ഥാനത്തിലും നിയമിക്കുന്നു. നിർദ്ദിഷ്ട യോഗ്യതയുള്ളവർ മാർച്ച് ഒന്നിന് വൈകിട്ട് അഞ്ചിന് മുൻപായി ഇ-മെയിൽ ആയോ നേരിട്ടോ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം അപേക്ഷിക്കണം.

വിശദവിവരങ്ങൾക്ക്: 9061908908, 0471-2559388.

# ഓൺലൈൻ നോട്ടറി പുതുക്കൽ

1956ലെ നോട്ടറി ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയ്ക്ക് അനുസൃതമായി ഓൺലൈൻ നോട്ടറി പുതുക്കൽ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനാൽ നിയമിതരായതും സാധുതയോടുകൂടിയ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് ഉള്ളതുമായ എല്ലാ നോട്ടറിമാരും അവരവരുടെ പേര്, രജിസ്റ്റർ നമ്പർ, മേൽവിലാസം (റസിഡൻഷ്യൽ & ഓഫീസ്), ഇ-മെയിൽ വിലാസം എന്നിവ 28ന് മുൻപ് മൊബൈൽ ഫോൺ നമ്പർ സഹിതം ഇംഗ്ലീഷിൽ രേഖപ്പെടുത്തി നിയമ വകുപ്പിൽ lawhdept@gm-a-i-l.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കണം.






പൂന്തുറയിൽ ജിയോട്യൂബ് സ്ഥാപിക്കുന്ന പദ്ധതി പ്രദേശം മന്ത്രിമാരായ സജി ചെറിയാൻ, ആന്റണി രാജു എന്നിവർ സന്ദർശിക്കുന്നു

# പൂന്തുറയിൽ ജിയോട്യൂബ് സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കും: മന്ത്രി സജി ചെറിയാൻ

## ജിയോട്യൂബ് പദ്ധതി പ്രദേശം ഗതാഗത മന്ത്രി ആന്റണി രാജുവിനൊപ്പം സന്ദർശിച്ചു

പൂന്തുറ തീരത്തെ കടലേറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി ജിയോ ട്യൂബ് സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിനൊപ്പം പദ്ധതി പ്രദേശം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിനായി ജിയോട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക്‌വാട്ടർ നിർമിക്കുന്നതിന് 150 കോടി രൂപയാണ് കിഫ്ബി വകയിരുത്തിയിട്ടുള്ളത്. പൂന്തുറ പ്രദേശത്തെ 700 മീറ്റർ തീരസംരക്ഷണത്തിനായി മാത്രം 19 കോടി വകയിരുത്തിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിൽ പൂന്തുറ തീരത്ത് നിന്ന് 125 മീറ്റർ ഉള്ളിൽ തീരക്കടലിൽ 700 മീറ്റർ നീളത്തിലാണ് ജിയോ ട്യൂബ് സ്ഥാപിക്കുന്നത്.

തീരത്തു നിന്ന് ഏകദേശം 80 മുതൽ 120 മീറ്റർ അകലത്തിൽ തീരത്തിനു സമാന്തരമായി ആറു മീറ്റർ ആഴമുള്ള, സമുദ്രത്തിന്റെ അടിത്തട്ടിൽ 15 മീറ്റർ വ്യാസമുള്ള സിന്തറ്റിക് ജിയോ ട്യൂബുകളിൽ മണൽ നിറച്ച് മൂന്ന് അടുക്കുകളായി സ്ഥാപിക്കും. ഓരോ ബ്രേക്ക്‌വാട്ടർ യൂണിറ്റിന്റേയും നീളം 100 മീറ്ററും ഇവ തമ്മിലുള്ള അകലം 50 മീറ്റർ ആയും നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ അഞ്ച് ട്യൂബുകളാണ് സ്ഥാപിക്കുന്നത്. നിലവിൽ മൂന്നു ട്യൂബുകൾ സ്ഥാപിച്ചു കഴിഞ്ഞു. പൂന്തുറയിൽ സ്ഥാപിക്കുന്ന ആദ്യ ഘട്ടം വിജയം കണ്ടാൽ ശംഖുമുഖം വരെയുള്ള തീരക്കടലിൽ ഇതേ പദ്ധതി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

അതിവേഗത്തിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും മാർച്ചിനു മുൻപു തന്നെ 700 മീറ്റർ ട്രയൽ പദ്ധതി പൂർത്തിയാക്കുകയാണ് ലക്ഷ്യമെന്നും ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പറഞ്ഞു. വർഷകാലം തുടങ്ങുന്നതിനു മുൻപു തന്നെ പണി പൂർത്തിയായാൽ മാത്രമേ പദ്ധതി വിജയമാണോ എന്ന് മനസിലാക്കാൻ സാധിക്കൂ. വേഗത്തിൽ പണി പൂർത്തിയാക്കാൻ കൂടുതൽ യന്ത്രോപകരണങ്ങളും ജീവനക്കാരേയും ഉടൻ എത്തിക്കും. ചെറിയമുട്ടത്തു തുടങ്ങി പൂന്തുറ പള്ളി വരെയുള്ള ആദ്യഘട്ടം ഉടൻ പൂർത്തിയാകുമെന്നും മന്ത്രി അറിയിച്ചു.

തീരസംരക്ഷണത്തിന് കോടിക്കണക്കിന് രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ തീരദേശ വികസനത്തിനായി 11,500 കോടി രൂപ മുടക്കിയതിൽ 7,000 കോടി രൂപയും തീര സംരക്ഷണത്തിനായിട്ടാണ് ചെലവഴിച്ചതെന്നും മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം 1,500 കോടിയുടെ ഭരണാനുമതി നൽകി. കേരളത്തിൽ പലയിടത്തും അതിന്റെ പ്രവൃത്തികൾ ആരംഭിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

തീരദേശ സംരക്ഷണത്തിനായി ഉപയോഗിക്കുന്ന പാറകളുടെ ഉപയോഗം കുറച്ചുകൊണ്ട് പരിസ്ഥിതിയെ സംരക്ഷിക്കാനും പദ്ധതി സഹായിക്കും. കൂടാതെ സമുദ്ര ജീവികളുടെ പ്രജനനത്തിന് സഹായകരമാകുന്ന വിധത്തിലുള്ള ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനും ജിയോ ട്യൂബ് സംവിധാനം സ്ഥാപിക്കുന്നതു വഴി സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ ഏറ്റവും കൂടുതൽ കടൽക്ഷോഭം നേരിടുന്ന പ്രദേശമാണ് പൂന്തുറ. തുടർച്ചയായ കടൽക്ഷോഭത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ട നിരവധി കുടുംബങ്ങൾ ഇവിടെ നിന്ന് മാറിപ്പോയ സാഹചര്യത്തിലാണ് ജിയോട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമിക്കുന്നതിന് അനുമതി നൽകിയത്.

മുംബൈയിലെ ഡി.വി.പി ഇ.സി.സി ജോയ്ന്റ് വെഞ്ചർ എന്ന കമ്പനിക്കാണ് നിർമാണ ചുമതല. 1,000 ടൺ ശേഷിയുള്ള ബാർജുകൾ, ഉയർന്ന ശേഷിയുള്ള സാന്റ് പമ്പ് ഡ്രഡ്ജറുകൾ, സ്കൂബ ഡൈവിംഗ് സംവിധാനം, ഓക്സിജൻ ജനറേറ്റർ ഘടിപ്പിച്ചിട്ടുള്ള പ്രത്യേകതരം ബാർജുകൾ, റഗ്ഗുകൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ചൈനയിൽ നിന്ന് വൈദഗ്ധ്യമുള്ള ഏജൻസികൾ സൂക്ഷ്മ പരിശോധന നടത്തി ഇറക്കുമതി ചെയ്തിട്ടുള്ള ജിയോട്യൂബുകളാണ് ഉപയോഗിക്കുന്നത്.

ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (എൻ ഐ ഒ റ്റി) യുടെ സാങ്കേതിക സഹായത്തോടെ തീരദേശ വികസന കോർപ്പറേഷനാണ് പദ്ധതി നടപ്പാക്കുന്നത്. കൗൺസിലർ മേരി ജിപ്സി, തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഷെയ്ഖ് പരീത്, ചീഫ് എൻജിനീയർ മുഹമ്മദ് അൻസാരി.എം.എ, എൻ.ഐ.ഒ.ടി ഉദ്യോഗസ്ഥരായ കിരൺ എ.എസ്, നീരജ് പ്രകാശ് എന്നിവരും മന്ത്രിമാർക്കൊപ്പമുണ്ടായിരുന്നു.

## ഹിജാബ് മതാചാരത്തിൻെറ ഭാഗമല്ലെന്ന് കർണാടക

ബംഗളൂരു: ഹിജാബ് ഇസ്ലാമിൻെറ അനിവാര്യമായ മതാചാരത്തിൻെറ ഭാഗമല്ലെന്ന് കർണാടക സർക്കാർ ഹൈക്കോടതിയിൽ. ഹിജാബിൻെറ ഉപയോഗം തടയുന്നത് മത സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ വരില്ല. ഭരണഘടന ഉറപ്പ് നൽകുന്ന അവകാശം ലംഘിക്കുന്നില്ലെന്നും സർക്കാർ കോടതിയെ അറിയിച്ചു.

ഇസ്ലാം മതത്തിലെ ഒഴിവാക്കാനാകാത്ത ആചാരമല്ലെന്ന് ഹിജാബ് എന്നും കർണാടക അഡ്വക്കേറ്റ് ജനറൽ പ്രഭുലിംഗ് നവദ്ഗി പറഞ്ഞു. ജസ്റ്റീസ് റിതുരാജ് അവസ്തി, ജസ്റ്റീസ് ജെ.എം. ഖാസി, ജസ്റ്റീസ് കൃഷ്ണ എം. ദീക്ഷിത് എന്നിവരടങ്ങിയ ഫുൾ ബെഞ്ചിനോടാണ് സർക്കാർ ഇക്കാര്യം അറിയിച്ചത്. സംസ്ഥാന സർക്കാരിൻെറ ഫെബ്രുവരി അഞ്ചിലെ ഉത്തരവ് നിയമാനുസൃതമാണെന്നും അതിൽ എതിർക്കേണ്ട കാര്യമില്ലെന്നും അഡ്വക്കേറ്റ് ജനറൽ വാദിച്ചു.

## വിവരങ്ങൾ നൽകണം

കൊല്ലം : 1971 ലെ ഇന്ത്യ പാകിസ്ഥാൻ യുദ്ധത്തിൽ പങ്കെടുത്ത പൂർവി പശ്ചിം സ്റ്റാർ ലഭിച്ചിട്ടുള്ള യോദ്ധാക്കൾ സർവീസ് നമ്പർ, റാങ്ക്, പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ സമർപ്പിക്കണം. ഫോൺ0474 2792987.

# പ്രധാനമന്ത്രി ഫസൽ ബീമാ യോജന ഏഴാം വർഷത്തിലേക്ക് കടക്കുന്നു

ന്യൂഡൽഹി : പ്രധാനമന്ത്രി ഫസൽ ബീമാ യോജന (പിഎംഎഫ്ബിവൈ) വരാനിരിക്കുന്ന ഖാരിഫ് 2022 സീസണോടെ ഏഴാം വർഷത്തിലേക്ക് കടക്കുന്നു. 2016 ഫെബ്രുവരി 18ന് ആണ് ഈ പദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കി തുടങ്ങിയത്.

പ്രകൃതിദുരന്തം മൂലമുണ്ടാകുന്ന വിളനഷ്ടം /നാശം എന്നിവയ്ക്ക് കർഷകർക്ക് സാമ്പത്തിക സഹായം നൽകാനാണ് കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ പിഎംഎഫ്ബിവൈ ലക്ഷ്യമിടുന്നത്. പി എം എഫ് ബി വൈ ന് കീഴിൽ 36 കോടിയിലധികം കർഷക അപേക്ഷകൾ ഇൻഷുർ ചെയ്തിട്ടുണ്ട്. 2022 ഫെബ്രുവരി 4 വരെയുള്ള കണക്ക് പ്രകാരം 1,07,059 കോടിയിലധികം രൂപയുടെ ക്ലെയിമുകൾ ഈ പദ്ധതി വഴി നൽകിയിട്ടുണ്ട്.

കർഷകരുടെ സ്വമേധയാ പങ്കാളിത്തം സാധ്യമാക്കുന്ന തരത്തിൽ 2020ൽ പദ്ധതി നവീകരിച്ചു. ഏതെങ്കിലും പ്രകൃതി ദുരന്തം നടന്ന് 72 മണിക്കൂറിനുള്ളിൽ,ക്രോപ്പ് ഇൻഷുറൻസ് ആപ്പ്, സിഎസ്സി സെന്റർ അല്ലെങ്കിൽ അടുത്തുള്ള കൃഷി ഓഫീസർ മുഖാന്തരം വിളനാശം റിപ്പോർട്ട് ചെയ്യാൻ കർഷകന് സൗകര്യമൊരുക്കിയിട്ടുണ്ട്. നഷ്ടപരിഹാര തുക, അർഹതയുള്ള കർഷകന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക് രീതിയിൽ കൈമാറ്റം ചെയ്യുന്നു.

സംസ്ഥാന/ജില്ലാ തലത്തിലുള്ള പരാതി സമിതികൾ മുഖേന, കർഷകർക്ക് അവരുടെ പരാതികൾ താഴെത്തട്ടിൽ സമർപ്പിക്കാനും ഈ പദ്ധതി അവസരം നൽകുന്നു. ഐ ഇ സി പ്രവർത്തനങ്ങൾ, സാമൂഹ്യ മാധ്യമ പ്രചാരണ പരിപാടികൾ, ടോൾ ഫ്രീ ഹെൽപ്പ്ലൈൻ, ഇ മെയിൽ ആശയവിനിമയം എന്നിവയിലൂടെ കർഷകരുടെ പരാതികൾ പരിഹരിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

# തദ്ദേശസ്വയംഭരണ ദിനാഘോഷം ഇന്ന് ; സ്വരാജ് ട്രോഫിയും മഹാത്മാ പുരസ്കാരങ്ങളും വിതരണം ചെയ്യും

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ബൽവന്ത് റായ് മേത്തയുടെ ജൻമദിനമായ ഇന്ന് (ഫെബ്രുവരി 19) തദ്ദേശ സ്വയംഭരണ ദിനാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോവളം വെള്ളാറിലെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിലാണ് തദ്ദേശസ്വയംഭരണ ദിനാഘോഷം സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രതിനിധി സമ്മേളനവും സംഘടിപ്പിക്കുന്നുണ്ട്.

വകുപ്പ് സംയോജനത്തിന് മുമ്പ് കഴിഞ്ഞ വർഷങ്ങളിൽ പഞ്ചായത്ത് ദിനാഘോഷവും മുനിസിപ്പൽ ദിനാഘോഷവുമൊക്കെയാണ് നടത്തിയിരുന്നത്. വകുപ്പ് സംയോജനം യാഥാർഥ്യമാകുന്ന സാഹചര്യത്തിലാണ് തദ്ദേശ സ്വയംഭരണ ദിനാഘോഷമായി സംഘടിപ്പിക്കുന്നത്.

തദ്ദേശ സ്വയംഭരണ ദിനാഘോഷം ഗ്രാമ-നഗര സംവിധാനങ്ങൾ ഒന്നിച്ച് നടത്തുന്നതിനാൽ ത്രിതല പഞ്ചായത്ത് അസോസിയേഷനുകളെ കൂടാതെ മുനിസിപ്പൽ ചെയർമാൻ, മേയർ അസോസിയേഷനുകളും സംഘാടകസമിതിയുടെ ഭാഗമായിട്ടുണ്ട്.

മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി വിതരണവും മഹാത്മാ തൊഴിലുറപ്പ് പദ്ധതിയിലും മഹാത്മാ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലും മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പുരസ്കാര വിതരണവും തദ്ദേശ സ്വയംഭരണ ദിനാഘോഷത്തിൽ നടത്തും. പഞ്ചായത്ത് സംവിധാനത്തിന് നൽകിയിരുന്ന സ്വരാജ് ട്രോഫി മുനിസിപ്പൽ കോർപ്പറേഷനും ഈ വർഷം മുതൽ നൽകുന്നുണ്ട്. തൊഴിലുറപ്പ് മേഖലയിൽ ഏർപ്പെടുത്തിയ മഹാത്മാ പുരസ്കാരം നഗരമേഖലയിലും ഏർപ്പെടുത്തിയിട്ടുണ്ട്.

# സെല്ലുകളിൽ കയറാൻ ജീവനക്കാർക്കു പേടിയെന്ന് ആരോഗ്യവകുപ്പ്

കോഴിക്കോട്: മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികളെ പാർപ്പിക്കുന്ന സെല്ലുകളിൽ ജീവനക്കാർക്കു കയറാൻ പേടിയെന്ന് ആരോഗ്യ വകുപ്പിൻറെ റിപ്പോർട്ട്. അന്തേവാസിയായിരുന്ന മഹാരാഷ്ട്ര സ്വദേശി ജെയറാം ഗലോട്ട് സെല്ലിൽ കൊല്ലപ്പെടാനിടയായ സാഹചര്യത്തിൽ തയാറാക്കിയ റിപ്പോർട്ടിലാണ് ജീവനക്കാർക്കുണ്ടായ വീഴ്ചയ്ക്കൊപ്പം സെല്ലിലെ പരിശോധന നടത്താനുള്ള പേടിയും പരാമർശിക്കുന്നത്.

മാനസിക നിലതെറ്റിയ, ഏതു നിമിഷവും അക്രമാസക്തരായേക്കാവുന്ന രോഗികളെ പരിചരിക്കാൻ ആരോഗ്യ ദൃഢഗാത്രരായ ജീവനക്കാർ തന്നെ വേണമെന്നാണ് ആശുപത്രി സൂപ്രണ്ട് ഉൾപ്പെടെയുള്ളവരുടെ ആവശ്യം.

ജീവനക്കാരുടെ കുറവ് മൂലം സെല്ലുകളിലെ പരലിശോധന നടത്താൻ കഴിയാറില്ല. ഈ അവസ്ഥയാണ് അന്തേവാസികളായ സ്ത്രീയും പുരുഷനും മതിൽ ചാടി കടന്നു രക്ഷപ്പെടാനും ഇടയാക്കിയത്. അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രിക്കു നൽകിയ റിപ്പോർട്ടിൽ പറയുന്നു.

ചുമർ പാത്രം കൊണ്ട് തുരന്നാണ് മലപ്പുറം സ്വദേശിയായ യുവതി കേന്ദ്രത്തിൽ നിന്നു രക്ഷപ്പെട്ടത്.സംഭവം വലിയ വാർത്തയായതോടെ ജില്ലാ ജഡ്ജി, മനുഷ്യാവകാശ കമ്മീഷൻ ഉൾപ്പെടെയുള്ളവർ കേന്ദ്രം സന്ദർശിച്ചിരുന്നു. ഇതോടെ ആരോഗ്യ കേന്ദ്രത്തിലെ സുരക്ഷാ വീഴ്ചയെകുറിച്ചു റിപ്പോർട്ട് നൽകാൻ മന്ത്രി വീണാ ജോർജും നിർദേശിച്ചു. ഇതിനെത്തുടർന്നാണ് കൊലപാതകത്തിൻറെയും അന്തേവാസികൾ രക്ഷപ്പെട്ടതിൻറെയും പശ്ചാത്തലത്തിൽ നാലു ദിവസത്തിനകം, റിപ്പോർട്ട് നൽകിയത്.

അതേസമയം, രണ്ട് അന്തേവാസികൾ തമ്മിൽ തർക്കമുണ്ടായപ്പോൾ ഒരാൾക്കു മാത്രം ചികിത്സ നൽകിയതാണ് ജീവനക്കാരുടെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയായി സൂപ്രണ്ട് നൽകിയ റിപ്പോർട്ടിൽ പറയുന്നത്. രാത്രി ഏഴരയ്ക്കുണ്ടായ കൊലപാതകം അറിയുന്നതു രാവിലെയാണ്. ഇതുമായി ബന്ധപ്പെട്ടു ജീവനക്കാർക്കെതിരേ നടപടിയുണ്ടാകാനാണ് സാധ്യത. എന്നാൽ, സസ്പെൻഷൻ ഉൾപ്പെടെ വന്നാൽ ആൾക്ഷാമം കൂടുതൽ രൂക്ഷമാകാനാണ് സാധ്യത. ഇക്കാര്യങ്ങൾകൂടി പരിഗണിച്ച ശേഷമായിരിക്കും തുടർ നടപടി.

# പ്രൊജക്റ്റ് അസിസ്റ്റന്റ് നിയമനം

കൊല്ലം : ഇത്തിക്കര ബ്ളോക്ക് പഞ്ചായത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ പ്രോജക്റ്റ് അസിസ്റ്റന്റിനെ നിയമിക്കുന്നു. യോഗ്യത സംസ്ഥാന പരീക്ഷാ കൺട്രോളർ സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നടത്തുന്ന മൂന്ന് വർഷത്തെ ഡിപ്ലോമ ഇൻ കൊമേഴ്സിൽ പ്രാക്ടീസ് (ഡി.സി.പി)/ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് ബിസിനസ് മാനേജ്മെന്റ്/സംസ്ഥാനത്തെ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദവും ഒപ്പം ഒരു വർഷത്തിൽ കുറയാതെയുള്ള അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/പി.ജി ഡിപ്ലോമ പാസായിരിക്കണം.

പ്രായപരിധി 2021 ജനുവരി ഒന്നിന് 18 നും 30 നും ഇടയിൽ. പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മൂന്നുവർഷത്തെ ഇളവ്. ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഫെബ്രുവരി 28 ന് രാവിലെ 10.30 നകം ബ്ലോക്ക് ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ 0474 2593260,2592232.

# പാർട്ട്ടൈം കോഴ്സ്

കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളേജിൽ ആറ് മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ആയ സി.സി.എൽ.ഐ.സി എന്നീ കോഴ്സുകൾ പാർട്ട് ടൈം ആയി ആരംഭിക്കുന്നു. ഡിഗ്രി /ഡിപ്ലോമ വിദ്യാർഥികൾക്കും നിലവിൽ ജോലി ഉള്ളവർക്കും പങ്കെടുക്കാം. ഡി.സി.എക്ക് പ്ലസ്ടുവും സി.സി.എൽ.ഐ.സി ക്ക് എസ്.എസ്.എൽ.സി യുമാണ് വിദ്യാഭ്യാസയോഗ്യത. എസ്.സി/എസ്. ടി/ഒ. ഇ.സി വിഭാഗങ്ങൾക്ക് നിയമാനുസൃത വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ട്. അവസാന തീയതി ഫെബ്രുവരി 28. കൂടുതൽ വിവരങ്ങൾക്ക് 9447488348.

# മകളെ പീഡിപ്പിച്ച അച്ഛന് ജീവപര്യന്തം കഠിന തടവ്

തിരുവനന്തപുരം: രണ്ടര വയസുള്ള മകളെ പീഡിപ്പിച്ച കേസിൽ അച്ഛന് ജീവപര്യന്തം കഠിന തടവും അമ്പതിനായിരം രൂപ പിഴയും. മുട്ടട സ്വദേശിയായ 34 കാരനെയാണ് കുറ്റക്കാരനെന്ന് കണ്ടെത്തി ശിക്ഷിച്ചത്. തിരുവനന്തപുരം അതിവേഗ സ്പെഷൽ കോടതിയാണ് ശിക്ഷ വിധിച്ചത്. പിഴ അടച്ചില്ലെങ്കിൽ ഒരു വർഷം കൂടുതൽ തടവ് അനുഭവിക്കണം.

2018 ഫെബ്രുവരി അവസാനമായിരുന്നു കേസിനാസ്പദമായ സംഭവം. കുട്ടിയുടെ അമ്മതന്നെയായിരുന്നു പരാതിക്കാരി. കുട്ടി ഇയാളുടെ അല്ലെന്നാരോപിച്ച് ഭാര്യയെ മർദിക്കുന്നത് പതിവായിരുന്നു. ഭാര്യയുടെ മാതാപിതാക്കളും ഇവർക്കൊപ്പമായിരുന്നു താമസം.

കുട്ടി രാത്രിയിൽ സ്ഥിരമായി കരയുകയും സ്വകാര്യ ഭാഗത്ത് വേദനിക്കുന്നെന്നും പറഞ്ഞിരുന്നു. ഇവിടം പരിശോധിച്ച അമ്മ മുറിവ് കണ്ടെത്തി. മുറിവിനെ കുറിച്ച് ചോദിച്ചപ്പോഴും കുഞ്ഞ് കരഞ്ഞു. മറുപടി പറഞ്ഞില്ല.

ഭർത്താവിനെയാണ് കുട്ടിയുടെ അമ്മ സംശയിച്ചത്. കുഞ്ഞ് ജനിച്ചത് മുതൽ കുട്ടി തൻറേതല്ലെന്ന് പറഞ്ഞ് പ്രതി കലഹിച്ചിരുന്നു. യുവതിക്ക് വേറെ ബന്ധമുണ്ടെന്നും കുഞ്ഞിന്റെ ഡിഎൻഎ പരിശോധന നടത്തണമെന്നും ആവശ്യപ്പെട്ടത് സംശയം വർധിപ്പിച്ചു.

ഒരു ദിവസം രാത്രി കുട്ടിയുടെ കരച്ചിൽ കേട്ട് ഉണർന്നപ്പോൾ പ്രതി കുട്ടിയെ പീഡിപ്പിക്കുന്നത് നേരിൽ കണ്ടെന്നാണ് അമ്മയുടെ മൊഴി. ഇവർ ബഹളം വച്ചപ്പോൾ പ്രതി ഭീഷണിപ്പെടുത്തിയെന്നും അടുത്ത ദിവസവും പ്രതി ഇത് ആവർത്തിച്ചെന്നും പരാതിയിൽ പറയുന്നു. ഇതിന് ശേഷം കുട്ടിയെ രാത്രി യുവതിയുടെ അമ്മയുടെ കൂടെയാണ് കിടത്തിയിരുന്നത്.

കുട്ടിയുടെ സ്വകാര്യ ഭാഗത്ത് പീഡനത്തിലുണ്ടായ പരുക്ക് ഗുരുതരമായതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചതോടെയാണ് സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചത്. ആശുപത്രിയിൽ കുട്ടിയെ പരിശോധിച്ച ഡോക്ടർമാർ ഇടപെട്ടാണ് പോലീസിൽ വിവരം അറിയിച്ചത്. മാസങ്ങളോളം നീണ്ട ചികിത്സയ്ക്ക് ശേഷമാണ് കുട്ടിയുടെ പരിക്ക് മാറിയത്.




# തിയറ്ററുകൾക്കു മുന്നിൽ ആവേശക്കാഴ്ച; രാവിലെ മുതൽ ആറാട്ട്

കോഴിക്കോട്: ആരാധകർ ആവേശത്തോടെ കാത്തിരുന്ന മോഹൻലാൽ ചിത്രം ആറാട്ട് പ്രദർശനത്തിനെത്തി. മോഹൻലാൽ മാസ് അവതാരത്തിൽ എത്തുന്ന ചിത്രത്തിൻറെ റിലീസ് ആഘോഷമാക്കുകയാണ് ആരാധകർ. നഗരത്തിലെ തിയേറ്ററുകളിൽ ആദ്യ ഷോയ്ക്കു തന്നെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. കോഴിക്കോട് അപ്സരം രാധ , ക്രൗൺ, മൾട്ടി പ്ലക്സുകൾ എന്നിവിടങ്ങളിലായി മുപ്പതോളം ഷോയാണ് ഒരു ദിവസമുള്ളത്.

ലോകമെമ്പാടും 2700 ഓളം സ്ക്രീനുകളിൽ പ്രദർശനത്തിനെത്തുന്ന ചിത്രം മരക്കാർ അറബികടലിൻറെ സിംഹത്തിന് ശേഷം തിയറ്ററിൽ എത്തുന്ന മോഹൻലാൽ ചിത്രമാണ്. രാവിലെ എട്ടിന് തന്നെ ഫാൻസ് ഷോകളും ആരംഭിച്ചു. കേരളത്തിലും ഗൾഫ് രാജ്യങ്ങളിലും ദിവസങ്ങൾക്കു മുമ്പേ ആരംഭിച്ച ചിത്രത്തിൻറെ ഓൺലൈൻ ബുക്കിംഗിന് മികച്ച പ്രതികരണമാണ് ലഭിച്ചത്.

കോവിഡ് പ്രതിസന്ധി ഉണ്ടാക്കിയ ഒരു ഇടവേളക്കു ശേഷം തിയറ്ററുകൾക്കു വേണ്ടി ഒരുങ്ങുന്ന ഉത്സവ ചിത്രമാണ് ആറാട്ടെന്നാണ് അണിയറക്കാരുടെ അവകാശവാദം. അതു ശരിവയ്ക്കുന്ന റിപ്പോർട്ടുകളാണ് ആദ്യ ദിനം മുതൽ പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

മോഹൻലാലിൻറെ മകൻ പ്രണവ് നായകനായ മികച്ച അഭിപ്രായം നേടിയ വിനീത് ശ്രീനിവാസൻ ചിത്രം ഹൃദയം ഇപ്പോഴും തിയറ്ററുകളിലുണ്ട്. ഒരേസമയം സൂപ്പർതാരത്തിൻറെയും മകൻറെയും ചിത്രങ്ങൾ ഓടുന്നു എന്ന പ്രത്യേകതയും തിയറ്ററുകാർക്കും ഫാൻസുകാർക്കും ഒരേ പോലെ ആവേശം പകരുന്നു.

# അങ്കണവാടിക്ക് കാവി പെയിൻറ് അടിച്ചു; കുറ്റക്കാർക്കെതിരെ നടപടിയുണ്ടാകുമെന്ന് മന്ത്രി




തിരുവനന്തപുരം: പള്ളിച്ചലിൽ അങ്കണവാടി കെട്ടിടം കൈയേറി കാവി പെയിൻറ് അടിച്ചു. പള്ളിച്ചൽ പഞ്ചായത്തിലെ ഇടക്കോട് വാർഡിൽ ഏഴാം നമ്പർ അങ്കണവാടിക്കാണ് കാവി പെയിൻറ് അടിച്ചത്.

അങ്കണവാടിക്ക് കാവി പെയിൻറ് അടിച്ച സംഭവം അപലപനീയമാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്. ഇടക്കോട് വാർഡിൽ ഏഴാം നമ്പർ അങ്കണവാടിയാണ് രാത്രിയിൽ ഒരു രാഷ്ട്രീയ പാർട്ടി കൈയേറി അവരുടെ കൊടിയുടെ നിറത്തിലുള്ള പെയിൻറ് അടിച്ചതെന്ന് മന്ത്രി പറഞ്ഞു.

ജാതിമത വ്യത്യാസമില്ലാതെ എല്ലാ വിഭാഗത്തിലും പ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ എത്തിച്ചേരുന്ന സ്ഥലമാണ് അങ്കണവാടി. സമൂഹത്തിൽ വർഗീയമായ ചേരിതിരിവ് സൃഷ്ടിക്കുന്ന സംഭവങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദേശം നൽകി.

കേരളത്തിൻറെ മതനിരപേക്ഷ മനസിൽ വർഗീയമായ ചേരിതിരിവ് സൃഷ്ടിക്കാൻ നിരന്തരം വർഗീയ ശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. അങ്കണവാടിയിൽ പിഞ്ചുകുഞ്ഞുങ്ങൾക്ക് കളിക്കാനും പഠിക്കാനും, കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്താനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് വനിത ശിശുവികസന വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പിൻറെയും വൈദ്യുതി വകുപ്പിൻറെയും സഹായത്തോടെ കേരളത്തിലെ അങ്കണവാടികൾ നവീകരിക്കാനും സ്മാർട്ട് അങ്കണവാടികളാക്കാനുമുള്ള നടപടികളുമായി വനിത ശിശുവികസന വകുപ്പ് മുന്നോട്ടുപോവുകയാണ്. ഓരോ പ്രദേശത്തെയും എല്ലാ വിഭാഗം ജനങ്ങളുടേയും പിന്തുണയും സഹകരണവും ഇതിനാവശ്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# അയ്യൻകാളി പുരസ്കാരവുമായി കൊല്ലം കോർപ്പറേഷൻ ജൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കും: മേയർ



പുരസ്കാര ലബ്ധിയുടെ ആഹ്ലാദത്തിൽ മേയർ പ്രസന്ന ഏണസ്റ്റ്

കൊല്ലം : അടുത്ത വർഷം എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ജൻഡർ ന്യൂട്രൽ യൂണിഫോം നൽകുമെന്ന് മേയർ പ്രസന്ന ഏണസ്റ്റ്. ഇതു പോലെയുള്ള അനവധി പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് അയ്യൻകാളി പുരസ്കാര ലബ്ധിയെന്നും പറഞ്ഞു. കോവിഡ് വ്യാപനഘട്ടത്തിൽ ജനങ്ങളെ പട്ടിണിയിലേക്ക് തള്ളാതെ തൊഴിലുറപ്പിന്റെ കരുതലൊരുക്കാനായി. ക്രിയാത്മകമായ ആശയങ്ങളും കൂട്ടായ പ്രവർത്തനവുമാണ് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി നിർവഹണത്തിന്റെ മുഖമുദ്ര.

കോവിഡ് കാലത്തും സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 200.72 ഏക്കറിൽ കൃഷി ചെയ്യാനായി. തൊഴിലുറപ്പ് പദ്ധതിയുടെ ഏറ്റവും വലിയ നേട്ടമാണിത്. ഇതു വഴി 100 ടണ്ണോളം പച്ചക്കറി ഉൽപാദിപ്പിച്ചു. ആഴ്ച്ചചന്ത വഴി വിൽക്കുകയും ചെയ്തു. ഇങ്ങനെ ലഭിച്ച തുകയും തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി മാറ്റി വെച്ചു. കുടുബങ്ങളിൽ കൂടുതൽ തൊഴിലിന്റെ സുരക്ഷ നിരന്തരം ഏർപ്പെടുത്തി. ഇതിനൊക്കെ പ്രവർത്തിച്ചവർക്കുള്ള പ്രചോദനമായാണ് പുതിയ യൂണിഫോം കൊണ്ടുവരുന്നത്.

96499 തൊഴിൽ ദിനങ്ങളാണ് 202021 വർഷം സൃഷ്ടിച്ചത്. ഇതിനായി പാരിസ്ഥിതിക ശുചീകരണ പ്രവർത്തനങ്ങളുമായി തൊഴിലുറപ്പ് പദ്ധതിയെ ബന്ധിപ്പിച്ചു. കോർപ്പറേഷനിലെ മഴക്കുഴി ഓട നിർമ്മാണം, പച്ചതുരുത്ത് എന്നിവയൊക്കെ തൊഴിലുറപ്പിന്റെ അടയാളപ്പെടുത്തലായി. പി.എം.എ.വൈ പദ്ധതിയിലും തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. കഴിഞ്ഞ വർഷം സർക്കാർ അനുവദിച്ച 2.5 കോടി രൂപയും ചെലവഴിക്കാൻ കഴിഞ്ഞു. നിലവിൽ 8392 കുടുബങ്ങളാണ് തൊഴിലുറപ്പിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത് 10000 ആക്കി തൊഴിൽ ലഭ്യമാക്കുകയാണ് കോർപ്പറേഷന്റെ അടുത്ത വർഷത്തെ പ്രധാന ലക്ഷ്യം എന്നും മേയർ പറഞ്ഞു.

## 'ദിസിറ്റിസൺ' സംഘാടക സമിതിയോഗം

കൊല്ലം : ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് കൊല്ലത്തെ ഭരണഘടനാ സാക്ഷരതാ ജില്ലയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ജില്ലാ ആസൂത്രണ സമിതി, കില എന്നിവയുടെ സംയുക്ത സംരംഭമായ 'ദ സിറ്റിസൺ' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മാർച്ചിൽ നടത്തും. ഫെബ്രുവരി 23ന് വൈകിട്ട് നാലുമണിക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേരും. യോഗത്തിൽ മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, മേയർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷികൾ, വിദ്യാർഥിയുവജന സംഘടനകൾ, സാമുദായികവ്യാപാരിവ്യവസായി സർവീസ് സംഘടനകൾ, സമിതികൾ എന്നിവയുടെ പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

# സ്വരാജ് ട്രോഫിയുമായി മുഖത്തല ബ്ലോക്ക് പഞ്ചായത്ത്



കൊല്ലം : സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാര നിറവിൽ മുഖത്തല ബ്ലോക്ക് പഞ്ചായത്ത്. 84 പോയിന്റുകൾ നേടി രണ്ടാം സ്ഥാനമാണ് ലഭിച്ചത്. 20202021 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവാണ് പരിഗണിച്ചത്. തുടർച്ചയായ രണ്ടാം തവണയാണ് പുരസ്കാരം ലഭിക്കുന്നത്.

കോവിഡ് പ്രതിരോധ സംവിധാനങ്ങൾ, കാർഷിക ഭവന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയതാണ് മുഖ്യനേട്ടമെന്ന് പ്രസിഡന്റ് ബി. യെശോദ പറഞ്ഞു. മുതിർന്ന പൗര ാരുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമത്തിനായി വലിയ പദ്ധതികളും യാഥാർത്ഥ്യമാക്കാനായി. കോവിഡ് പശ്ചാത്തലത്തിൽ നെടുമ്പന സി. എച്ച്. സിയെ സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആയി ഉയർത്തി. 4560 രോഗികൾക്ക് സൗജന്യ ചികിത്സയും ഭക്ഷണവും ഉറപ്പാക്കി. ഇതേ കാലയളവിൽ ഭക്ഷ്യസുരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പാക്കാനുമായി. 91.21 ലക്ഷം രൂപ വകയിരുത്തി 'സുഭിക്ഷ മുഖത്തല' പദ്ധതി നടപ്പിലാക്കി. ലൈഫ് പദ്ധതിക്കായി 2.35 കോടി രൂപ ചിലവഴിച്ചു.

ജനക്ഷേമ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കി സമഗ്ര വികസനത്തിനായുള്ള ചിട്ടയായ പ്രവർത്തനശൈലിയാണ് പിന്തുടരുന്നത്. ക്ഷീരവികസനം, ദാരിദ്ര്യ ലഘൂകരണം, പട്ടികജാതി വികസനം, ജൈവവൈവിധ്യ പരിപാലനം, മാലിന്യ നിർമാർജനം, പരിസ്ഥിതി സംരക്ഷണം എന്നിവ ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്യുന്നത് എന്നും പ്രസിഡന്റ് വ്യക്തമാക്കി.

# ഗവർണറോടു പ്രതിഷേധം രണ്ടു തരത്തിൽ: ബഹളം കൂട്ടി പ്രതിപക്ഷം, ഉരിയാടാതെ ഭരണപക്ഷം



ഗവർണർ ആരിഫ് മുഹമ്മദ്ഖാനെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വീകരിക്കുന്നു

തിരുവനന്തപുരം: നയപ്രഖ്യാപന പ്രസംഗത്തിനെത്തിയ ഗവർണർ മുഹമ്മദ് ആരിഫ് ഖാനോടു ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും പ്രതിഷേധം. രണ്ടു കൂട്ടരും രണ്ടു രീതിയിലാണ് പ്രതിഷേധം രേഖപ്പെടുത്തിയതെന്നു മാത്രം. പ്രതിപക്ഷം ഗവർണറെ ഗോ ബാക്ക് വിളികളോടെ വരവേറ്റപ്പോൾ നിശബ്ദതയായിരുന്നു ഭരണപക്ഷത്തിൻറെ ആ!യുധം.

ഗവർണർ പ്രസംഗം തുടങ്ങാനൊരുങ്ങിയപ്പോൾ പ്രസംഗിക്കാൻ പ്രതിപക്ഷ നേതാവും എഴുന്നേറ്റു. ഒപ്പം ഗോ ബാക്ക് വിളികളും. ഇതോടെ ചൊടിച്ച ഗവർണർ കടുത്ത ഭാഷയിൽ പ്രതിപക്ഷത്തിനെതിരേ പ്രതികരിച്ചു. നിങ്ങൾക്കു മറ്റു വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇഷ്ടം പോലെ സമയം ഉണ്ടെന്നും ഇതല്ല സമയമെന്നും ഗവർണർ പറഞ്ഞു. ഉത്തരവാദിത്വമുള്ള സ്ഥാനത്ത് ഇരിക്കുന്നവർ അതിനനുസരിച്ചു പ്രവർത്തിക്കണമെന്നും പ്രതിപക്ഷ നേതാവിനോടായി അദ്ദേഹം പറഞ്ഞു.

ഇതോടെ പ്രതിഷേധം കടുപ്പിച്ച പ്രതിപക്ഷം ഗവർണറുടെ നയപ്രഖ്യാപനം ബഹിഷ്കരിച്ചു പുറത്തേക്കു പോയി. ഗവർണറും സർക്കാരും തമ്മിൽ പല കാര്യത്തിലും ഒത്തുകളി നടക്കുകയാണെന്നാണ് പ്രതിപക്ഷത്തിൻറെ ആരോപണം. ഇന്നലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പുവയ്ക്കാതെ സമ്മർദ തന്ത്രം പ്രയോഗിച്ച ഗവർണർക്ക് ഒടുവിൽ സർക്കാർ വഴങ്ങിക്കൊടുത്തതാണ് പ്രതിപക്ഷം ആയുധമാക്കിയത്.

അതേസമയം, ഗവർണറെ അനുനയിപ്പിച്ച് ഇന്നത്തെ നയപ്രഖ്യാപന പ്രസംഗം എങ്ങനെയും നടത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഗവർണർ ഉന്നയിച്ച രണ്ട് ആവശ്യങ്ങൾക്കു സർക്കാർ ഏറെ നേരത്തെ അനിശ്ചിതത്വത്തിനു ശേഷം ഇന്നലെ വഴങ്ങിക്കൊടുക്കുകയായിരുന്നു. പൊതുഭരണ സെക്രട്ടറിയെ മാറ്റണമെന്നതായിരുന്നു ഗവർണറുടെ ഒരു ആവശ്യം. അതുപോലെ മന്ത്രിമാരുടെ രാഷ്ട്രീയ നിയമനം വഴിയെത്തുന്ന പേഴ്സണൽ സ്റ്റാഫിൻറെ പെൻഷൻ സർക്കാർ ഖജനാവിൽനിന്നു കൊടുക്കുന്നതു പുനപ്പരിശോധിക്കണമെന്നായിരുന്നു അദ്ദേഹത്തിൻറെ മറ്റൊരു ആവശ്യം.

ഇതു രണ്ടിനും സർക്കാർ ഒടുവിൽ വഴങ്ങിക്കൊടുത്തു. ബിജെപി സംസ്ഥാന സമിതിയംഗമായിരുന്ന ഹരി എസ്.കർത്തയെ ഗവർണറുടെ അഡീഷണൽ പേഴ്സണൽ അസിസ്റ്റൻറായി നിയമിക്കുന്നതിൽ സർക്കാരിനുള്ള അതൃപ്തി പ്രകടിപ്പിച്ചു പൊതുഭരണ സെക്രട്ടറി രാജ്ഭവന് അയച്ച കത്താണ് ഗവർണറെ ചൊടിപ്പിച്ചത്. നിയമനം സർക്കാർ അംഗീകരിച്ചെങ്കിലും രാജ്ഭവനിൽ രാഷ്ട്രീയ ബന്ധമുള്ളവരെ നിയമിക്കുന്നത് അനഭലഷണീയമാണെന്ന സർക്കാർ നിലപാട് പൊതുഭരണ വകുപ്പ് സെക്രട്ടറി കത്തിൽ രേഖപ്പെടുത്തിയതാണ് വിവാദമായി മാറിയത്.

ഇതു മാധ്യമങ്ങളിലും വന്നിരുന്നു. ഇതോടെ രോഷാകുലനായ ഗവർണർ മുഖ്യമന്ത്രിയോടും ഇതിലുള്ള അതൃപ്തി അറിയിച്ചിരുന്നു. ഇതിനു പിന്നാലെയാണ് നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പുവയ്ക്കാതെ അദ്ദേഹം സമ്മർദ തന്ത്രം പ്രയോഗിച്ച് തൻറെ ആവശ്യം നേടിയെടുത്തത്. ഭരണഘടനാപ്രതിസന്ധി ഒഴിവാക്കാൻ സർക്കാർ ഒടുവിൽ വഴങ്ങിക്കൊടുക്കുകയായിരുന്നു. പെൻഷൻ വിഷയവും പരിഗണിക്കാമെന്നു സർക്കാർ വാക്കുകൊടുത്തു.

ഗവർണർക്കു സർക്കാർ വഴങ്ങിക്കൊടുത്തത് ഇരുകൂട്ടരും തമ്മിലുള്ള ധാരണയുടെ തെളിവാണെന്നാണ് പ്രതിപക്ഷത്തിൻറെ ആരോപണം. ഗവർണറുടെ നിലപാടിൽ കടുത്ത അതൃപ്തിയിലായിരുന്ന സർക്കാരും സിപിഎമ്മും നിശബ്ദതയിലൂടെ പ്രതികരിക്കാനാണ് ഇന്നു നിർദേശം കൊടുത്തത്. സർക്കാരിനെ അനുകൂലിച്ചുള്ള പ്രഖ്യാപനങ്ങൾ ഗവർണറുടെ പ്രസംഗത്തിൽ മുഴങ്ങിയപ്പോഴും ഭരണപക്ഷം പതിവ് മേശയിലടിച്ചുള്ള ആഹ്ലാദം പ്രകടിപ്പിക്കുന്നതിനു പകരം നിസംഗരായി ഇരിക്കുകയായിരുന്നു. ഗവർണറോടുള്ള അതൃപ്തിയാണ് ഭരണപക്ഷം പറയാതെ പറഞ്ഞത്.

അതിനിടെ, നയപ്രഖ്യാപന പ്രസംഗത്തിനു ശേഷം പതിവായി നിയമസഭാംഗങ്ങൾ ഗവർണർക്കൊപ്പം ഫോട്ടോയെടുക്കുന്ന പതിവും ഇത്തവണ നടന്നില്ല. പ്രതിപക്ഷം ബഹിഷ്കരിച്ചു പോയതിനാൽ ഫോട്ടോയെടുപ്പ് മറ്റൊരു അവസരത്തിൽ നടത്തുമെന്നു നിയമസഭാ സെക്രട്ടേറിയറ്റ് അറിയിച്ചു.

# അമ്പലമുക്ക് കൊലപാതകം; കത്തി കണ്ടെത്തി

തിരുവനന്തപുരം: അമ്പലമുക്കിലെ പൂക്കടയിലെ ജീവനക്കാരി വിനീതയെ കൊലപ്പെടുത്താൻ പ്രതി ഉപയോഗിച്ച കത്തി കണ്ടെത്തി. രാജേന്ദ്രൻ താമസിച്ചിരുന്ന മുറിയിലെ പൈപ്പിനുള്ളിൽ ഒളിപ്പിച്ച നിലയിലായിരുന്നു കത്തി. പ്രതി ജോലി ചെയ്തിരുന്ന ചായക്കടയിലെത്തി തെളിവെടുപ്പ് നടത്തിയിരുന്നു.

പേരൂർക്കട പോലീസ് സ്റ്റേഷന് സമീപത്താണ് രാജേന്ദ്രൻ ജോലി ചെയ്തിരുന്നത്. ഇതിന് സമീപത്ത് തന്നെയാണ് ഹോട്ടലിലെ ജീവനക്കാരും താമസിച്ചിരുന്നത്. ഒന്നരമണിക്കൂറോളം പണിപ്പെട്ടാണ് കത്തി പുറത്തെടുത്തത്. കത്തി പ്രതി തിരിച്ചറിഞ്ഞു.

കത്തി ഓട്ടോയിൽ പോകുമ്പോൾ വലിച്ചെറിഞ്ഞെന്നും ബൈക്കിൽ പോകുമ്പോൾ കളഞ്ഞെന്നുമായിരുന്നു പ്രതി മൊഴി നൽകിയിരുന്നത്. തുടർന്ന് പ്രതി പോയ സ്ഥലങ്ങളിലെല്ലാം പോലീസ് തെരച്ചിൽ നടത്തിയിരുന്നുവെങ്കിലും കത്തി കണ്ടെത്താനായിരുന്നില്ല. പ്രതിയെ തെളിവെടുപ്പിനായി കൊണ്ടു വന്നപ്പോൾ ഇന്നും നാട്ടുകാർ രോഷാകുലമായിരുന്നു. പ്രതിയെ ആക്രമിക്കാനും നാട്ടുകാർ ശ്രമം നടത്തിയിരുന്നു. കനത്ത പോലീസ് കാവലിലായിരുന്നു പ്രതിയെ ഇവിടെ എത്തിച്ചത്.

# ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

കൊല്ലം : കൊല്ലം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിന്റെയും ഇടവ എം. ആർ.എം.കെ.എം.എം. ഹയർ സെക്കന്ററി സ്കൂളിന്റെയും ആഭിമുഖ്യത്തിൽ 'വനം പരിസ്ഥിതി സംരക്ഷണം' വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് എസ്. നിസ ഉദ്ഘാടനം ചെയ്തു. വനംവകുപ്പ് ഉദ്യോഗസ്ഥർ, സ്റ്റുഡന്റ്സ് പോലീസ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.